## പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3642 — 15-12-2014 ന് മറുപടി നൽകേണ്ടത്

### സർക്കാർ സേവനങ്ങളുടെ ഫീസ് വർദ്ധന

**ചോദ്യം** — **ഉത്തരം**

ശ്രീ. കെ. വി. വിജയദാസ് — ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വർദ്ധിപ്പിച്ച വിവിധ സേവന ഫീസുകളുടെയും രജിസ്ട്രേഷൻ ഫീസുകളുടെയും വിശദവിവരങ്ങൾ നൽകുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | (എ) യും (ബി) യും | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 3 പ്രാവശ്യം വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട്. 2012 ജൂലൈ ഒന്നാം തീയതി മുതലും 2013 മേയ് ഒന്നാം തീയതി മുതലും 2014 ആഗസ്റ്റ് 16-ാം തീയതി മുതലും താരീഫ് വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്.<br>ജലവിഭവ വകുപ്പിനു കീഴിലെ വാട്ടർ അതോറിറ്റിയിൽ വാട്ടർ ചാർജ് വർദ്ധന സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം-I ആയി ചേർക്കുന്നു. ഭൂജല വകുപ്പ് ജനങ്ങൾക്കു നൽകുന്ന സേവനങ്ങളുടെ വിവിധ ചാർജുകൾ വർദ്ധിപ്പിച്ചത് സംബന്ധിച്ച ഉത്തരവുകൾ അനുബന്ധം-II ആയി ചേർക്കുന്നു. രജിസ്ട്രേഷൻ വകുപ്പിന് കീഴിൽ വർദ്ധിപ്പിച്ച വിവിധ സേവനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഇതു സംബന്ധിച്ച ഉത്തരവുകൾ അനുബന്ധം - III ആയി ചേർക്കുന്നു.<br>1865-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്ട് പ്രകാരമുള്ള വിവിധ ഇനങ്ങളിന്മേലുള്ള പിഴ ഈടാക്കുന്നതിനുള്ള ഫീസ് 2013-ലെ ഫിനാൻസ് ബിൽ പ്രകാരം വർദ്ധിപ്പിക്കുകയും 2014-ലെ ഫിനാൻസ് ബിൽ പ്രകാരം ആയത് കുറച്ച് ഉത്തരവാകുകയും ചെയ്തു.<br>1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ടിൻ കീഴിൽ രജിസ്റ്റർ ചെയ്യുന്ന സംഘങ്ങളുടെ രജിസ്ട്രേഷൻ ഫീസിൽ 23.09.2014-ലെ ജി.ഒ.(പി) നം.409/14/ഫിൻ നമ്പർ ഉത്തരവിലൂടെ 50% വർദ്ധിപ്പിച്ചു. നിലവിൽ 25 രൂപയായിരുന്നത് 38 രൂപയായി വർദ്ധിപ്പിച്ചു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി ചാർജ്, വാട്ടർ ചാർജ്, ഭൂമി സംബന്ധിച്ച രജിസ്ട്രേഷൻ ഫീസുകൾ എന്നിവ എത്ര പ്രാവശ്യം വർദ്ധിപ്പിക്കുകയുണ്ടായി; വിശദവിവരം നൽകുമോ; | | |

| | | | |
|---|---|---|---|
| | | | 23.09.2014-ലെ ജി.ഒ.(പി) നം.409/14/ഫിൻ നമ്പർ ഉത്തരവിലൂടെ 2005-ലെ വിവരാവകാശ നിയമത്തിലെ 4(2) നിയമ പ്രകാരം ഫ്ലോപ്പി, സിഡി, മറ്റേതെങ്കിലും ഇലക്ട്രോണിക് രൂപത്തിൽ വിവരങ്ങൾ നൽകുന്നതിനുള്ള ഫീസ് 50% വർദ്ധിപ്പിച്ചു. നിലവിൽ 50 രൂപയായിരുന്നത് 75/- രൂപയായി വർദ്ധിച്ചു.<br>ഫേം രജിസ്ട്രേഷന് രജിസ്ട്രേഷൻ ഫീസ് 15-ൽ നിന്നും 500/- രൂപയാക്കിയും ഭേദഗതി വരുത്തുന്നതിന് 5/-ൽ നിന്നും 200/- രൂപയാക്കിയും തിരച്ചിലിന് 2 രൂപയിൽ നിന്നും 50/- രൂപയാക്കിയും പകർപ്പിന് 10 രൂപയിൽ നിന്നും 100/- രൂപയാക്കിയും 22657/Leg.A2/2011/Law ഉത്തരവ് പ്രകാരം വർദ്ധിപ്പിക്കുകയുണ്ടായി.<br>ചിട്ടി ഫീസുകൾ ജി.ഒ (പി) നം.209/2013/റ്റി.ഡി തീയതി 18.12.2013 നമ്പർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചുവെങ്കിലും ടി ഉത്തരവ് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നതിനാൽ വർദ്ധനവ് നിലവിൽ വന്നിട്ടില്ല.<br>29.03.2012-ലെ ജി.ഒ.(പി)8/12/Law, 26.11.2013-ലെ G.O.(P) 7/2013/Law നമ്പർ ഉത്തരവുകൾ പ്രകാരം 1954-ലെ സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരമുള്ള വിവിധ സേവനങ്ങളുടെ നിരക്കുകൾ വർദ്ധിപ്പിച്ചു.<br>27.04.2013-ലെ ജി.ഒ (പി) നം.88/2013/റ്റി.ഡി നമ്പർ വിജ്ഞാപന പ്രകാരം രജിസ്ട്രേഷൻ ഫീസ് പട്ടിക പ്രകാരമുള്ള വിവിധ സേവന നിരക്കുകളിൽ വർദ്ധനവ് വരുത്തിയിട്ടുള്ള നിരക്കുകൾ അനുബന്ധം I-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>2014-15 സാമ്പത്തിക വർഷം 08.10.2014-ലെ ജി.ഒ (പി) നം.172/2014/റ്റി.ഡി നമ്പർ നോട്ടിഫിക്കേഷനിലൂടെ കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ദാനം, ഒഴുമുറി, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് 1% എന്നതിന് വിധേയമായി പരമാവധി 25000/- രൂപ എന്നത് ഒഴിവാക്കി വിലയുടെ 1% ആയി ഭേദഗതി വരുത്തി. അവശേഷിക്കുന്ന വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ